"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - തേവലക്കര ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസപ്പെടുത്തിയ 4,45,000/- (നാല് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ)-യുടെ ചെലവ് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1667/2025/LSGD തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടറുടെ 23/10/2024-ലെ LSGD/PD/35013/2024-AM3 നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18.03.2025-ലെ D.K.S.A/476/2025/PTI നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഘടക പദ്ധതികൾ പ്രകാരം 'വാസസ്ഥല സംരക്ഷണം' (പ്രോജക്ട് നമ്പർ 67/2008), വാസസ്ഥല 'സംരക്ഷണം വനിത' (പ്രോജക്ട് നമ്പർ 68/2008) എന്നീ പദ്ധതികൾ നടപ്പാക്കിയിരുന്നു. എന്നാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ വികസന ഫണ്ടിൽ നിന്നും യഥാക്രമം ടി പദ്ധതികൾക്കായി ചെലവഴിച്ച 2,70,000/- രൂപയും 1,75,000/- രൂപയും ഉൾപ്പെടെ 4,45,000/- രൂപ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2007-2008 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2) മേൽ ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിലേയ്ക്കായി തേവലക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19/09/2022-ലെ 5(4)-ാം നമ്പർ അഭ്യർത്ഥന സർക്കാരിന് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കൊച്ചുകുഞ്ഞ് മരണപ്പെട്ടുപോയിട്ടുള്ളതാണെന്നും, തേവലക്കര ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരും നിർദ്ധനരും നിരാലംബരുമായ 84 കുടുംബങ്ങൾ മഴ പെയ്താൽ വെള്ളം കയറുന്ന സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ താമസിച്ചുകൊണ്ടിരുന്നവരാണെന്നും സ്വന്തമായി മറ്റു വസ്തുക്കളോ, കിടപ്പാടമോ ഇല്ലാത്ത ഈ കുടുംബങ്ങളെ നിലവിൽ താമസിച്ചുകൊണ്ടിരിക്കുന്ന വീടുകളിൽ കൂടുതൽ സുരക്ഷിതരാക്കുന്നതിന് വേണ്ടി സദുദ്ദേശത്തോടുകൂടി നടപ്പിലാക്കിയ പദ്ധതികളാണ് വാസസ്ഥല സംരക്ഷണമെന്നും, ഇതു കാരണം പരിസ്ഥിതി സന്തുലനത്തിന് കോട്ടം സംഭവിച്ചിട്ടില്ലെന്നും നിരവധി കുടുബങ്ങൾക്ക് കൂടുതൽ സുരക്ഷിതമായി താമസിക്കുന്നതിന് കഴിഞ്ഞുവെന്നും പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയിട്ടുള്ളതാണെന്നും, പദ്ധതി കാരണം

പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും മറിച്ച് നിർദ്ധനരായ ഒരുപറ്റം കുടുബങ്ങളെ സുരക്ഷിതമായി പാർപ്പിക്കുവാൻ പദ്ധതി കാരണം സാധിച്ചിട്ടുണ്ടെന്നും ഉത്തമ ബോദ്ധ്യമുള്ളതിനാലും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് സൂചന (1) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3) ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിനായി സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് പുനരഭിപ്രായക്കുറിപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും, തേവലക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19/09/2022-ലെ 5(4)-ാം നമ്പർ അനുകൂല തീരുമാനം, കൊല്ലം ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 25/03/2024-ലെ 20-ാം നമ്പർ അനുകൂല തീരുമാനം എന്നിവ പരിഗണിച്ച് ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിനായി സൂചന (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

4) കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2007-2008 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം വാസസ്ഥലം എന്ന പദ്ധതിയ്ക്കായി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും, എന്നിരുന്നാലും സർക്കാർ നൽകേണ്ട പരാമർശം സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട്, അനുബന്ധരേഖകൾ പരിശോധിച്ചതിലും അദാലത്ത് പുനരഭിപ്രായക്കുറിപ്പിന്റെ അടിസ്ഥാനത്തിലും തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 19/09/2022-ലെ 5(4)-ാം നമ്പർ തീരുമാനനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടേയും, തദ്ദേശ സ്വയഭരണ പ്രിൻസിപ്പൽ ഡയറക്ടറുടേയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടേയും അനുകൂല ശിപാർശകൾ എന്നിവ കണക്കിലെടുത്ത്, തേവലക്കര ഗ്രാമപഞ്ചായത്തിൽ മഴപെയ്താൽ വെള്ളം കയറുന്ന സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ താമസിച്ചുകൊണ്ടിരുന്ന പട്ടിക ജാതിക്കാരും നിർദ്ധനരും, സ്വന്തമായി മറ്റു വസ്തുക്കളോ, കിടപ്പാടമോ ഇല്ലാത്ത 84 കുടുംബങ്ങളെ സുരക്ഷിതമായി താമസിപ്പിക്കാൻ പദ്ധതി നടപ്പാക്കിയതുമൂലം സാധിച്ചിട്ടുണ്ടെന്ന വസ്തുത പരിഗണിച്ച്, ഇതുമൂലം പരിസ്ഥിതി സന്തുലനത്തിന് കോട്ടം സംഭവിച്ചിട്ടില്ലെന്നും, പദ്ധതി കാരണം പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നത് പരിഗണിച്ചും, കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2007-2008 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 4,45,000/- (നാല് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ)-യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് കൊല്ലം
സെക്രട്ടറി, തേവലക്കര ഗ്രാമപഞ്ചായത്ത്, കൊല്ലം
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തേവലക്കര ഗ്രാമപഞ്ചായത്ത്, കൊല്ലം

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് ( LSGD-AB1/62/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 04-07-2025 16:12:00

സെക്ഷൻ ഓഫീസർ